St. Peter's Jacobite Syrian Orthodox Church
Under the Holy Apostolic See of Antioch & All the East
(Reg. No: SG-394/78 & 700000-01)

# Index


| Page | Description |
|---|---|
| 2 | Passion Week Programme |
| 3 | Message from The Vicar |
| 5 | Important days in April |
| 6 | A Love Story |
| 8 | Tri-Mass |
| 9 | Farewell to Rev. Fr. Thomas N. |
| 10 | Medical Camp Conducted by Youth Association |
| 11 | Quiz No. 3 |
| 12 | Bible Crossword No. 4 |
| 14 | കാവൽക്കാരൻ |
| 15 | Give me strength O' Lord |
| 16 | 'മനസ്സാണെനിക്ക്' |
| 17 | Quiz No. 2 – Answers & Winners |
| 18 | Sunday School |
| 19 | Social Service League |
| 20 | Whos is a "True Christian" |
| 21 | New Members |
| 23 | Birthday Greetings |
| 26 | Find Jon in the Ordinary |
| 27 | Remember these Three's |
| 28 | A drawing by Master Eldho N.J. |




**Our Patriarch H.H. Moran Mor Ignatios Zacha I**



**Our Catholicos H.B. Baselios Thomas 1**



**Our Patriarchal Vicar H.G. Pathros Mor Osthatheos**

## ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ – 2012

**പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മെത്രാപ്പോലീത്ത അഭിവന്ദ്യ മർക്കോസ് മോർ ക്രിസോസ്റ്റമോസ് തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ ഹാശാ ആഴ്ച്ചയിലെ ശുശ്രൂഷകൾ താഴെ പറയും പ്രകാരം നടത്തപ്പെടുന്നതായിരിക്കും**

| | | |
|---|---|---|
| March - 30 (വെള്ളി) | : | നാൽപതാം വെള്ളി (40th day of Lent) – വി. കുർബ്ബാന - 8 AM |
| March – 31 (ശനി) | : | ഹോശാന ("Hosanna")<br>സന്ധ്യാ പ്രാർത്ഥന - 6.30 PM, വി. കുർബ്ബാന - 7.00 PM |
| April – 1 (ഞായർ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം (അഭിവന്ദ്യ തിരുമേനി)<br>(7.00 P.M. - 9.30 P.M.) |
| April – 2 (തിങ്കൾ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം (അഭിവന്ദ്യ തിരുമേനി)<br>(7.00 P.M. - 9.30 P.M.) |
| April – 3 (ചൊവ്വാ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം (അഭിവന്ദ്യ തിരുമേനി)<br>(7.00 P.M. - 9.30 P.M.) |
| April – 4 (ബുധൻ) | : | സൺഡേ സ്കൂൾ കുട്ടികൾക്കു മാത്രമായുള്ള കുമ്പസാരം<br>(Confession for Sunday School Students only) 5 PM – 6 PM |
| | : | പെസഹാ വ്യാഴാഴ്ച ("Maundy Thursday") ശുശ്രൂഷ<br>വി. കുർബ്ബാന - 7 PM to 11 PM |
| April – 5 (വ്യാഴം) | : | കാൽകഴുകൽ ശുശ്രൂഷ ('Washing the Feet of Disciples')<br>7.30 PM – 9.30 PM |
| April – 6 (വെള്ളി) | : | ദു:ഖവെള്ളി ("GOOD FRIDAY") ശുശ്രൂഷ 8.30 AM – 3.30 PM |

***(ദു:ഖവെള്ളിയുടെ ശുശ്രൂഷകൾ കേരളസമാജം ഹാളിൽ (Sugaiya) വച്ചായിരിക്കും നടത്തപ്പെടുക)***

| | | |
|---|---|---|
| April – 7 (ശനി) | : | വി. കുർബ്ബാന (അറിയിപ്പിന്റെ ശനി) 10:30 AM – 11.30 AM |
| | : | ഈസ്റ്റർ ("EASTER") ശുശ്രൂഷ<br>വി. കുർബ്ബാന - 7.00 PM to 11.45 PM |

നോമ്പിൽ എല്ലാ ദിവസവും ഉച്ചയ്ക്ക് **12.30**ന് ഉച്ച നമസ്കാരവും,
വൈകുന്നേരം **6.00** മുതൽ വി. കുമ്പസാരത്തിന് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.


Villa No.: 146, Salmaniya Avenue, Opp. SMC Gate No. 1, P. O. Box 20417, Manama, Kingdom of Bahrain
Tel.: 17245432, Fax:.17251476, Mobile: 39840243, e-mail: stpeters@batelco.com.bh



# Message from the Vicar

## ഈസ്റ്റർ

ദു:ഖ വെള്ളിയുടെ കാർമേഘ പടലങ്ങളും ദു:ഖ ശനിയുടെ മൂകാന്തരീക്ഷവും നിരാശയും മാറ്റി, ശോകമൂകമായ രംഗങ്ങൾക്ക് തിരശ്ശീല വീഴ്ത്തിക്കൊണ്ട് നിശ്ചലമായിരുന്ന ദൈവാലയ മണികൾ വീണ്ടും ആനന്ദത്തിന്റെ ഈണം പകരുകയാണ്. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു. "ഹേ മരണമേ നിന്റെ ജയം എവിടെ, ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ" എന്ന സ്വരം ദിഗന്തങ്ങൾ മുഴങ്ങുമാറ് പ്രതിധ്വനിക്കേണ്ട ദിനമാണിന്ന്. മരണത്തിന്റെ വിരിമാറിൽ ഉറങ്ങിയ യേശു, മരണത്തിന്റെ മറ നീക്കി നമുക്ക് നൽകുന്ന സന്ദേശം ഉദാത്തമാണ്- അത് മനുഷ്യ മഹത്വത്തിന്റെ സന്ദേശമാണ്- ദൈവത്തോടു കൂടെ ആയിരിക്കുമെങ്കിൽ കഷ്ടതയും കണ്ണുനീരുമൊക്കെ കിരീടമാക്കി മാറ്റാനാവും. വേദനക്ക് ഒരു വേതനമുണ്ട്, ഒരു രാത്രിക്ക് ഒരു പകലും. ഒരു ദു:ഖ വെള്ളിക്ക് ഒരു ഉയിർപ്പും തീർച്ചയാണ്.

കർത്താവു സഹിച്ച വർണ്ണിക്കാവതല്ലാത്ത വേദനകളുടെയും യാതനകളുടേയും വേതനമായിരുന്നു ഉയിർപ്പ്. ക്രൂശിലെ മരണത്തോളം താഴാനും, മരിച്ച് അടക്കപ്പെടാനും യേശു തയ്യാറായതിന്റെ വേതനം. കർത്താവിന്റെ മഹത്വ പൂർണ്ണമായ ഉത്ഥാനം ക്ലേശങ്ങളിൽ നമുക്ക് ആശ്വാസവും സഹനങ്ങളിൽ ശക്തിയും വേദനകളിൽ സന്തോഷവും വെല്ലുവിളികളിൽ ധൈര്യവും പ്രദാനം ചെയ്യുവാൻ മതിയായതാണ്.

യേശുവിന്റെ ഉയിർപ്പ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയും സാര സംഗ്രഹവുമാണ്. ലോകം കണ്ട ഏറ്റവും വലിയ സത്യത്തെ മൂടിവയ്ക്കാനുള്ള യ ഹൂദ മതനേതൃത്വത്തിന്റെ പാഴ്പരിശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു യേശുവിന്റെ കല്ലറയ്ക്കൽ കാവൽക്കാരെ നിയമിച്ചതും വാതിൽക്കൽ വലിയ കല്ല് ഉരുട്ടി വച്ച് അതിന്മേൽ ഔദ്യോഗികമുദ്ര പതിപ്പിച്ചതും. അതെല്ലാം പരാജയപ്പെട്ടപ്പോൾ കാവൽക്കാർക്ക് കൈക്കൂലി കൊടുത്ത് നുണപറയാൻ പ്രേരിപ്പിച്ചതും. എന്നാൽ സത്യത്തെ മൂടിവയ്ക്കാൻ അവർക്കായില്ല. ദൈവത്തെ തോൽപ്പിക്കാൻ മനുഷ്യന് ആവില്ലല്ലോ. മുദ്ര വയ്ക്കപ്പെട്ട കല്ലറ മൂന്നാംനാൾ തുറക്കപ്പെട്ടു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു. ഉയിർപ്പിന്റെ വ്യക്തവും ശക്തവുമായ അടയാളങ്ങളാണ് ഒഴിഞ്ഞ കല്ലറയും ഉത്ഥിതനെ ദർശിച്ച ശിഷ്യസമൂഹവും. "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം എന്നാണ് പൗലൊസ് അപ്പൊസ്തോലൻ കൊരിന്ത്യർക്ക് എഴുതിയത്. (1 കൊരിന്ത്യർ 15:14) യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യുക എന്നത് നമ്മുടെ രക്ഷയുടെ തന്നെ വ്യവസ്ഥതയാണെന്ന് റോമർ 10: 9 സാക്ഷിക്കുന്നു.

ഈ രക്ഷ ആത്യന്തികമായി നാം നേടുന്നത് നമ്മുടെ തന്നെ ഉയിർപ്പിലൂടെയാണ്. നമുക്കാഹ്ലാദിക്കാം, ദൈവപുത്രൻെറ ഉയിർത്തെഴുന്നേൽപ്പ് പുതിയൊരു യുഗപ്പിറവിയാണ്, നമ്മുടെ ഉയിർപ്പിൻെറ നാന്ദി. മരണാനന്തര അവസ്ഥയെക്കുറിച്ചുള്ള അനിച്ശിതത്വവും ഉത്കണ്ഠയും പേറുന്നവരാണ് അനേകരും. അവർക്കൊക്കെ മരണത്തിനപ്പുറമുള്ള ഉയിപ്പിനേയും ജീവനേയും കുറിച്ച് പ്രത്യാശയും ഉറപ്പും ദർശനവും നൽകുന്നതാണ് മൂന്നാം ദിവസമുള്ള ക്രിസ്തുവിൻെറ ഉയിർപ്പ്. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച, ദൈവാത്മാവ് തീർച്ചയായും നമ്മെയും വാങ്ങിപ്പോയ നമ്മുടെ പ്രിയപ്പെട്ടവരേയും ജീവിപ്പിക്കും എന്നത് ദൈവ വചനം നൽകുന്ന വാഗ്ദാനമാണ്, ഉറപ്പാണ്. ആയതിന് മുന്നമേ നാം ക്രിസ്തുവിൽ മരിക്കണം. (1 തെസ്സ. 4: 14) ക്രിസ്തുവിൻെറ മരണത്തിൽ പങ്കാളികളായാലെ അവൻെറ ഉയിർപ്പിലും നമുക്ക് പങ്കാളിത്തം ഉണ്ടാവുകയുള്ളൂ. (റോമർ 6: 8) "നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും". ക്രിസ്ത്യാനികളായ നാം വി. മാമോദീസായിലൂടെ യേശുവിൻെറ മരണ പുനരുത്ഥാനങ്ങളിൽ ഇപ്പോൾ തന്നെ പങ്കു കൊള്ളുന്നവരാണ് എന്ന് റോമർ 6 ൻെറ 3-6 സാക്ഷിക്കുന്നു. "ക്രിസ്തുയേശുവിനോടു ചേരുവാൻ സ്നാനം എറ്റവരായ നാം എല്ലാവരും അവൻെറ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ". അങ്ങനേ നാം അവൻെറ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവൻെറ മരണത്തിൻെറ സാദൃശ്യത്തോടു നാം എകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിൻെറ സാദൃശ്യത്തോടുമേകീഭവിക്കും.

അതേ പ്രിയമുള്ളവരെ നാം സ്വീകരിച്ച മാമൂദീസ, യേശുവിൻെറ മരണ പുനരുത്ഥാനങ്ങൾ വരച്ചു കാട്ടുകയും അതിൽ നമ്മെ പങ്കാളികളാക്കുകയും ചെയ്യുന്നു. വി. മാമൂദീസായിലൂടെ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയിലെ (എഫേ. 1:23) അംഗങ്ങളായ നാം, നമ്മുടെ ക്രൈസ്തവ ജീവിതം, മാമൂദീസാ രഹസ്യത്തിൻെറ അനാവരണം ആക്കി തീർക്കണം. ഇനി മേൽ പാപം നമ്മിൽ ആധിപത്യം പുലർത്തരുത്. പാപം നമ്മുടെ മർത്യ ശരീരത്തിൽ അതിൻെറ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നാം പാപ സംബന്ധമായി മരിച്ചവർ എന്നും, ക്രിസ്തു യേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നമ്മെ തന്നെ എണ്ണുന്നവരാകണം. പരിശുദ്ധനായ പൗലൊസ്ശ്ലീഹ കൊലോസ്സ്യ സഭക്കു നൽകുന്ന ഉപദേശം ശ്രദ്ധേയമാണ് (3: 1-4). "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിൻെറ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു". ഈ അനുഭവമുള്ളവരാണ് യഥാർത്ഥത്തിൽ ഉയിർപ്പിൻെറ മക്കൾ. അവർ ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ സ്വർഗ്ഗീയപൗരത്വമുള്ളവരും സ്വർഗ്ഗീയ കാര്യങ്ങളിൽ തൽപരരും സ്വർഗ്ഗസ്ഥപിതാവിൻെറ മക്കളെന്ന അവബോധത്തോടെ ഈ ഭൂമിയിൽ വ്യാപരിക്കുന്നവരും ആയിരിക്കും.

ഗ്രീക്ക് ഇതിഹാസത്തിലെ (Phoenix) ഫെനക്സ് (ഫീനിക്സ്) പക്ഷിയെ പുനരുത്ഥാനത്തിൻെറ പ്രതീകമായിട്ടാണ് ആദിമ ക്രൈസ്തവർ ഉപയോഗിച്ചിരുന്നത്. ഫെനെക്സ് പക്ഷിയുടെ കഥയറിയാമല്ലോ. ഗ്രീക്കുകാർ വിശ്വസിക്കുന്നത് ആ പക്ഷി ചാവുകയില്ല എന്നാണ്. പ്രായമാകുമ്പോൾ അത് താൻ പിറന്ന വൃക്ഷത്തലപ്പിൽ കൂടണയ്ക്കും. എന്നിട്ട് തപസ്സു ചെയ്യുന്നതു പോലെ നാളുകളോളം ആ കൂട്ടിൽ ഒരേ ഇരിപ്പിരിക്കും. ഒടുവിൽ തപസ്സിൻെറ ചൂടുകൊണ്ടെന്ന പോലെ കൂട് കത്തി ചാമ്പലാകും. ഒപ്പം പക്ഷിയും. ആ ചാരത്തിൽ നിന്ന് യൗവ്വനം മുറ്റി നിൽക്കുന്ന ഫെനെക്സ് പക്ഷി പറന്നുയരും. ഈ കഥയ്ക്ക് പുനരുത്ഥാനവുമായി വലിയ പ്രസക്തിയുണ്ട്. നമ്മുടെ പഴയ പാപ ജീവിതം കത്തി ചാമ്പലാകണം. അതിന് തപസ്സു കൂടിയേ തീരു. പ്രാർത്ഥനയുടേയും ഉപവാസത്തിൻെറയും തപസ്സ്, പശ്ചാത്താപത്തിൻെറ, പരിഹാരത്തിൻെറ അഗ്നി. അങ്ങനെ പഴയ മനുഷ്യൻ ഒരു പിടി ചാരമാകുമ്പോൾ നമ്മിലെ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു പുറത്തു വരും. അവിടെ വിശുദ്ധിയുടെ തിളക്കമുണ്ട്. നവ യൗവനമുണ്ട്, ഉത്ഥിതൻെറ തേജോമയമായ രൂപ സാദൃശ്യമുണ്ട്. ഉത്ഥിതനായ യേശു മരണത്തിനപ്പുറമുള്ള ആ ജീവൻെറ ലോകം നമുക്ക് നേടി തന്നു. ദൈവാത്മാവിൻെറ ചേതനയാൽ നമുക്കും അത് സ്വന്തമാക്കാം. സ്വാംശീകരിക്കാം. പാപത്തിന്മേലും പാപത്തിൻെറ ശമ്പളമായ മരണത്തിന്മേലും വിജയം നേടിയ ക്രിസ്തുവിൻെറ ഉത്ഥാനത്തെക്കുറിച്ചുള്ള ധ്യാനം തിന്മയുടെ മേൽ ജയം നേടുവാൻ നമ്മെ ശക്തീകരിക്കട്ടെ. പുനരുത്ഥാനത്തിൻെറ ഏറ്റവും വലിയ സാക്ഷ്യമായിട്ട് ഉയിർപ്പിൻെറ സന്തോഷവും ഉത്ഥിതൻെറ സമാധാനവും സമൃദ്ധമായി നമ്മുടെ മുഖങ്ങളിൽ പ്രതിഫലിക്കട്ടെ. അതിലൂടെ നമ്മുടെ രക്ഷകൻ ജീവിക്കുന്നു എന്ന് ലോകം അറിയട്ടെ.

***"ഏവർക്കും ഈസ്റ്റർ ആശംസകൾ".***

**ക്രിസ്തുവിൽ**

**നിങ്ങളുടെ ബെന്നിയച്ചൻ**

## Important Days in April, 2012

**സന്ധ്യാപ്രാർത്ഥന ഇനി എല്ലാ ദിവസവും വൈകുന്നേരം 7.30 മുതൽ ആയിരിക്കും**

ഏപ്രിൽ 13 = നമ്മുടെ ഇടവക മെത്രാപ്പോലീത്തായായിരുന്ന മഞ്ഞിനിക്കര ദയറയിൽ കബറടങ്ങിയിരിക്കുന്ന കുര്യാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ

April 13 – Sunday School Annual Day

ഏപ്രിൽ 15 = അഭിവന്ദ്യ തിരുമേനി തിരിച്ചു നാട്ടിലേക്ക് പോകുന്നു

ഏപ്രിൽ 27 = മഹാ പരിശുദ്ധനായ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ. ഏവരും ഓഹരി എടുത്ത് പെരുന്നാളിൽ പങ്കാളികളാവണമെന്ന് താൽപര്യപ്പെടുന്നു.

ഏപ്രിൽ 29 = നമ്മുടെ ദേവാലയത്തിന്റെ പ്രമുഖ സ്ഥാപകാംഗവും, പ്രമുഖ വൈദികനുമായിരുന്ന പി.കെ. ബാബു പറയകുളത്ത് അച്ചന്റെ ഓർമ്മ.

# A Love Story

One day, I woke early in the morning to watch the sunrise. Ah, the beauty of God's creation is beyond description. As I watched, I praised God for His beautiful work. As I sat there, I felt the Lord's presence with me.

He asked me,
***"Do you love me?"***
I answered, "Of course, God! You are my Lord and Saviour!"

Then He asked,
***"If you were physically handicapped, would you still love me?"***

I was perplexed. I looked down upon my arms, legs and the rest of my body and wondered how many things I wouldn't be able to do, the things that I took for granted. And I answered, "It would be tough, Lord, but I would still love You."

Then the Lord said,
***"If you were blind, would you still love my creation?"***

How could I love something without being able to see it? Then I thought of all the blind people in the world and how many of them still loved God and His creation. So I answered, "It's hard to think of it, but I would still love you."

The Lord then asked me,
***"If you were deaf, would you still listen to My Word?"***

How could I listen to anything being deaf? Then I understood. Listening to God's Word is not merely using our ears, but our hearts. I answered, "It would be tough, but I would still listen to Your Word."

The Lord then asked,
***"If you were mute, would you still praise My Name?"***
How could I praise without a voice? Then it occurred to me: God wants us to sing from our very heart and soul. It never matters what we sound like. And praising God is not always with a song, but when we are persecuted, we give God praise with our words of thanks. So I answered, "Though I could not physically sing, I would still praise Your Name."

And the Lord asked,
***"Do you <u>really</u> love Me?"***

With courage and a strong conviction, I answered boldly, "Yes Lord! I love You because You are the one and true God!"
I thought I had answered well, but...

God asked,
***"Then Why Do You Sin?"***

I answered, "Because I am only human. I am not perfect."
*"Then why in times of peace do you stray the furthest?*
*Why only in times of trouble do you pray in earnest?"*

No answers. Only tears.

The Lord continued:
*"Why only sing at fellowships and retreats?*
*Why seek Me only in times of worship?*
*Why ask things so selfishly?*
*Why ask things so unfaithfully?"*

The tears continued to roll down my cheeks.
*"Why are you ashamed of Me?*

*Why are you not spreading the Good News?*
*Why in times of persecution do you cry to others*
*when offered My shoulder to cry on?*
*Why make excuses*
*when I give you opportunities to serve in My Name?"*

I tried to answer, but there was no answer to give.
*"You are blessed with life.*
*I made you not to throw this gift away.*
*I have blessed you with talents to serve Me,*
*but you continue to turn away.*
*I have revealed My Word to you,*
*but you do not gain in knowledge.*
*I have spoken to you but your ears were closed.*
*I have shown My blessings to you,*
*but your eyes were turned away.*
*I have sent you servants,*
*but you sat idly by as they were pushed away.*
*I have heard your prayers and I have answered them all.*

*Do You Truly Love Me?"*

I could not answer. How could I? I was embarrassed beyond belief. I had no excuse. What could I say to this? When my heart had cried out and the tears had flowed, I said, "Please forgive me, Lord. I am unworthy to be Your child."
The Lord answered,
*"That is My Grace, My Child."*

I asked, "Then why do you continue to forgive me? Why do You love me so?"

The Lord answered,
"Because you are My Creation.
You are my Child.
I will never abandon you.

*When you cry, I will have compassion and cry with you.*
*When you shout with joy, I will laugh with you.*
*When you are down, I will encourage you.*
*When you fall, I will raise you up.*
*When you are tired, I will carry you.*
*I will be with you till the end of days,*
*and I will love you forever."*

Never had I cried so hard before. How could I have been so cold? How could I have hurt God as I had done? I asked God, "How much do You love me?"

**The Lord stretched out His arms, and I saw His nail-pierced hands.**

I bowed down at the feet of Christ, my Saviour. And for the first time, I truly prayed.

## Tri-Mass (Munninmel Qurbana)

Rev. Fr. Thomas Nediayapalackal, Rev. Fr. Benny Abraham & Rev. Fr. Monai Philip of Knanaya Church celebrated the Tri-Mass at our Church on the 02nd March, 2012.







# FAREWELL TO OUR REV. FR. THOMAS NEDIYAPALACKAL (FORMER VICAR)

**After two years of service in our Church Thomas Nediyapalackal Achan left Bahrain on 02.03.2012 evening by Bahrain Air flight. He was seen off at the Airport by the New Vicar, Managing Committee members and prominent members of our Church**








...Hear Him

# മെഡിക്കൽ ക്യാമ്പ്

യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മുഹറക്കിലുള്ള അൽ ഹിലാൽ ആശുപത്രിയുമായി സഹകരിച്ച് സൗജന്യ വൈദ്യപരിശോധന ക്യാമ്പ് നടത്തുകയുണ്ടായി. മാർച്ച് 16 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഹിദ്ദിലുള്ള സിയാന ഇൻഡസ്ട്രിയൽ സർവ്വീസസിന്റെ ലേബർ ക്യാമ്പിൽ വച്ച് നടത്തപ്പെട്ട ക്യാമ്പ് നമ്മുടെ ബഹുമാനപ്പെട്ട വികാരി ഫാ. ബെന്നി ഏബ്രഹാം പാലക്കുഴി ഉത്ഘാടനം ചെയ്തു.





വലിയ നോമ്പിന്റെ ഈ കാലയളവിൽ സംഘടിപ്പിച്ച ഈ ജീവകാരുണ്യ സംരംഭം ഏറെ ശ്ളാഘനീയമാണെന്ന് തന്റെ ഉത്ഘാടനപ്രസംഗത്തിൽ അച്ചൻ അടിവരയിട്ട് പറഞ്ഞു.

അൽ ഹിലാൽ ആശുപത്രി പ്രതിനിധി ഡോ. ഖാലിദ്, സിയാന ഇൻഡസ്ട്രിയൽ സർവ്വീസസ് പ്രതിനിധി ശ്രീ. പവിത്രൻ, ഇടവക സെക്രട്ടറി ഷെവലിയർ തോമസ് ഏബ്രഹാം, മാനേജിംഗ് കമ്മിററി പ്രതിനിധി ശ്രീ. ബെന്നി റിറി. ജേക്കബ്, യൂത്ത് അസോസിയേഷൻ കോർഡിനേററർ ശ്രീ. അലൻ ജോർജ്ജ് എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. വിവിധ് വിഭാഗങ്ങളിലായി ഇരുന്നൂറോളം തൊഴിലാളികൾക്ക് പ്രസ്തുത ക്യമ്പിൽ വൈദ്യസഹായ ലഭിച്ചു.













## യിരെമ്യാവ് (1  12)
## ക്വിസ്സ് നമ്പർ 3

1. വിശ്വാസ ത്യാഗിനിയായ യിസ്രായേൽ ആരെക്കാൾ നീതിയുള്ളവളാണെന്നാണ് യഹോവ യിരെമ്യാവിനോട് അരുളിച്ചെയ്തത്?
2. കടലിന്നു കവിഞ്ഞു കൂടാതവണ്ണം നിത്യപ്രമാണമായി യഹോവ അതിരാക്കി വെച്ചിരിക്കുന്നതെന്തിനെ?
3. മടങ്ങിവരാനുള്ള സമയം അനുസരിക്കുന്ന പക്ഷികൾ ഏതെല്ലാം?
4. ഗർഭപാത്രത്തിൽ നിന്ന് പുറത്തുവരുന്നതിനു മുമ്പേ ജാതികൾക്ക് പ്രവാചകനായി നിയമിക്കപ്പെട്ടവൻ ആര്
5. ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കുന്നതാര്?
6. ഒരു ജഡത്തിനു സമാധാനം നൽകാതെ, ദേശത്തിന്റെ ഒരററം മുതൽ മറേറ അററം വരെ തിന്നു കളയുന്നതെന്ത്?
7. എവിടെ തീക്കുറി ഉയർത്തുവാനാണ് പ്രവാചകൻ ബെന്യാമിൻ മക്കളെ ആഹ്വാനം ചെയ്തത്?
8. യെഹൂദാപുത്രന്മാർ ബെൻഹിന്നോം താഴ് വരയിലുള്ള തോഫെത്തിൽ പൂജാഗിരികളെ പണിതതെന്തിന്?
9. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതു പോലെ ദുഷ്ടന്മാരുടെ വീട്ടിൽ നിറഞ്ഞിരിക്കുന്നതെന്ത്?
10. ചെരിപ്പ് ഊരിപ്പോകാതവണ്ണം യിസ്രായേൽ മക്കൾ കാൽ സൂക്ഷിക്കണം; വരണ്ടു പോകാതവണ്ണം സൂക്ഷിക്കേണ്ടതെന്ത്?
11. അയ്യോ കഷ്ടം എന്റെ പ്രാണൻ കൊലപാതകന്മാരുടെ മുമ്പിൽ ക്ഷയിച്ചു പോകുന്നു എന്ന് പറഞ്ഞതാര്?
12. കിളിവാതിലിൽ കൂടി കയറി അരമനയിൽ പ്രവേശിച്ചിരിക്കുന്നതെന്ത്?
13. ആരെക്കുറിച്ചാണ് യഹോവയ്ക്ക് വിശുദ്ധവും അവന്റെ വിളവിന്റെ ആദ്യഫലവും എന്ന് പറഞ്ഞിരിക്കുന്നത്?
14. ഇരുമ്പു ചൂള എന്നു വിശേഷിപ്പിക്കുന്ന ദേശം ഏത്?
15. എന്തു ചെയ്താൽ നീ അലഞ്ഞു നടക്കേണ്ടിവരികയില്ല എന്നാണ് യഹോവ യിസ്രായേലിനോട് അരുളിച്ചെയ്തത്?

**നിങ്ങളുടെ ഉത്തരങ്ങൾ ഏപ്രിൽ 22 നു മുമ്പായി ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുവാൻ ഓർക്കുക. അതിനു ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.**

**ബൈബിൾ ക്വിസ്സിനു എല്ലാ മാസവും വിജയികളാകുന്നവരുടെ പേരുകൾ വർഷാവസാനത്തിൽ നറുക്കിട്ട്, നറുക്കു വീഴുന്ന മൂന്നു പേർക്കു മാത്രം സമ്മാനങ്ങൾ നൽകുന്നതായിരിക്കും**


**ഉഷ അച്ചൻകുഞ്ഞ്**





# Are you Bible Literate?

# Bible Crossword # 4 (April 2012 )



Leela Alexander

**ACROSS**

3 " Is anything too hard for the Lord?"

5 " Has thou killed and also taken possession?"

6 " Shall the clay say to him that fashioneth it , What makest thou?"

8 How long will thou mourn for Saul , seeing I have rejected him from reigning over Israel?"

9 " Should I not be concerned about that great city?"

10 " Son of man, can these bones live?"

11 " Who shall I send, who will go for us?"

**DOWN**

1 " Shall seven years of famine come unto thee in thy land?"

2 Who is this that darkeneth counsel by words without knowledge?"

4 "How long will these people treat me with contempt?

5 " Who told thee that thou was naked"?

6 " Why is thou countenance fallen? If thou doest well shalt thou not be accepted?"

7 " I am the Lord, the God of all flesh; is there anything too hard for me?"

9 " Have I not commanded thee? Be strong and of good courage not afraid."

10 " What is this that thou hast done?"

This is the fourth in the series of Bible crossword puzzles for 2012. All the clues are about **'Whom did God ask these'** in the Bible**.** Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 7 days after the release of the newsletter.

**This contest is open to Sunday school students of 4th Std and above only**. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is **ocalex@batelco.com.bh, ocalexleela@gmail.com**

**Useful References Numbers 14, Isaiah 6, Genesis 3, 1samuel 16, Jeremiah 32, Genesis 4, Ezekiel 37, Job 38, Isaiah 45, 2Samuel 24, Jonah 4, Joshua 1, Genesis 3, Genesis18, 1Kings 21.**

**ANSWERS TO MARCH 2012 BIBLE CROSSWORD**

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | H | E | R | O | D | | | O | | | |
| M | | | | | | A | G | A | G | | | A |
| E | | | | B | | V | | | | | | B |
| L | | | J | A | B | I | N | | | | | I |
| C | | | | L | | D | | H | I | R | A | M |
| H | | | | S | | | | | | | | E |
| I | | | | H | | | | | S | | | L |
| Z | | J | | A | C | H | I | S | H | | | E |
| E | | O | | Z | | | | | I | | | C |
| D | | S | | Z | | | J | O | S | E | P | H |
| E | T | H | B | A | A | L | | | H | | | |
| K | | U | | R | | | E | L | A | H | | |
| | | A | | | | | | | K | | | |

## *Winners of Bible Crossword - March 2012*

Acsah Elizabeth Abraham
Aibel Rejan Varghese
Akhil Basil Paulose
Akhil C. Sunil
Amal C. Sunil
Aneena Mary Abraham
Anjana Mariam Roy
Anju Paulose
Ann Jeepa Shaj
Ashley Shaju
Athira Sabu
Chithira Sabu
Christin Paul Alucka
Christy Mary Thomas
Dan Abraham
Elaine Agith
Flemy P. Eby
George K Laji
Jeeba C. Biju
Jibu Joseph Biju
Johann Agith
Joshin Joseph
Kamal Baby Paul
Lissy Paul
Liya Sara Joseph
Mahal Mani Ulahannan
Manuvel Benny
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Mohit Raju John
Namita Raju John
Roshan Thomas Roy
Samuel Benny
Sara Laji
Sarah Santosh
Sebene Scaria
Serene Scaria
Sharon Paul Alucka
Sherin Susan Isaac
Shruti Ann Isaac
Sneha Elsa Kuruvilla
Sofia C. Paul
Sonu Daniel Sam
Thomas Sabu
Tinu Daniel Sam

**Congratulations!**

## Important Notice

Please be informed that Crossword prizes will be given only to those children studying in Sunday School Classes IV and above (other children and Adults can participate, but will not be entitled for the Annual Prize)



# കാവൽക്കാരൻ

ബേബി പോൾ



കരുണയിൻ കരം നീട്ടി തുഴഞ്ഞിടുന്ന
ഒരു കൊച്ചുതോണിയാണീ ജീവിതം
കാററുവന്നാൽ - പൊൻ കരത്താൽ
കർത്തവനവൻ ശാന്തമാക്കും
വൻ തിരയാൽ - വീണിടാതെ
കാത്തിടുമെൻ സ്നേഹനാഥൻ

കണ്ണീരിൽ മനം നിത്യം കലങ്ങിടുമ്പോൾ
ആശ്വാസദായകൻ അരികിലെത്തും
കാൽവറിയിൽ - ത്യാഗമായ
കനിവേറുമെൻ ലോകനാഥൻ
മന്നിലെങ്ങും - ശോഭയോടെ
മിന്നിടുന്നു ദീപമായി.

സ്തുതികളിൻ സ്വരം നിത്യം ഉയർന്നിടട്ടെ
ഉയിരോടെ ജീവിതം തുടിച്ചു നിൽക്കാൻ
കരുതിടുന്നോൻ - കരുണാമയൻ
കാവലായ് എൻ ചാരെയുണ്ട്
നേർവഴിയിൽ - നീങ്ങിടാനായ്
നിൻ കരത്താൽ താങ്ങീടണെ.

അനുദിനം അരികിൽ വന്നണഞ്ഞീടണെ
അനുഗ്രഹ പെരുമഴ ചൊരിഞ്ഞിടണെ
പാപിയായി - തീർന്നിടാതെ
പാരിടത്തിൽ സ്നേഹമാകാൻ
നിൻപ്രഭയിൽ - മിന്നിടട്ടെ
നിറമാർന്നൊരാ താരകം പോൽ.

# Give me strength O Lord

**Leela Alexander**



Do you sometimes feel that your own strength is not always enough to get through a trying situation? It is very scary if God can't be with us when we are in the midst fear, pain due to illness or loss and disappointments. But why deal with it alone? What stops us from calling God for extra strength to help sustain us when our own strength fails?

' He gives power to the tired and worn out and strength to the weak. Even the youth shall be exhausted and the young men will give up but they that wait upon the Lord shall renew their strength.'

( Isaiah 40: 29,30)

I have experienced that in my most crucial times of need, people are brought into my life to help me to get through that particular situation. I recently became very seriously ill. As we were grappling with coming into terms with the situation, a classmate of mine from college who went on to become the Dean of a famous Medical College in India, got in touch with us after over 46 years. He came to our assistance and followed all my treatments, scans and surgeries, and gave us timely advice at every step. Bahraini friends, friends from church... every one rallied around us. We never felt alone. God made me pass through rain drops, making sure I did not get wet .

Then it struck me! Instead of being upset with God for having put me through this trial, perhaps I needed to realize that he is putting me through to make me see how incredible and wonderful the people in my life are. People whom I have spent most of life with and others whom I have barely spoken to,

Then it struck me! Instead of being upset with God for having put me through this trial, perhaps I needed to realize that he is putting me through to make me see how incredible and wonderful the people in my life are. People whom I have spent most of life with and others whom I have barely spoken to, have been woven into the tapestry of my life.

During our family prayer when we sing

**'Daiva sneham varnicheedan**
**vaakkukal poraa ,**
**Nanni cholli theerkuvanee jeevitham poraa... '**

tears fill my eyes and I choke up. Yes words are inadequate to describe God's love and our lives too short to express our gratitude.

I realized how supremely thankful I needed to be, for being able to hold on to hope and to my friends family and acquaintances. Aren't we like owls that open their eyes only when the sun sets? We appreciate the value of day today things only when we lose them.

'*The hardest arithmetic to master is that which enables us to count our blessings*'. *( Eric Hoffer)*

In our incessant pursuit for success and power , we often forget how even simple things like not being sick or having a loving supportive family is a gift that many people don't have.

It is tough to stay positive through tough battles. But I have decided to make a conscious effort to wake up each day with a glowing heart and to be thankful to God, for all the people in my life, and for the little things I never even thought about being thankful for. Aren't there people in your life too, whom you need to be grateful for?

# 'മനസ്സാണെനിക്ക്'





Chandy Joshua

പാടില്ല തീണ്ടുവാൻ– തൊട്ടാലശുദ്ധം
വിധിയതു നല്കി പുരോഹിതൻ കല്പിച്ചു
ഭ്രഷ്ടനായ് പട്ടണ വാതിലിനപ്പുറം
കുഷ്ഠമതു മലിനമായി തീർത്തോരു മർത്യൻ

പട്ടണം പൂകിയ കർത്തന്റെ സന്നിധേ
വിധിയതു ലംഘിച്ചു ചെന്നവൻ – ചൊന്നേവം
മനസ്സായിടേണം മലിനനീ പാപിയെ
സൗഖ്യമാക്കീടുവാൻ ശുദ്ധിയതേകുവാൻ.


ആർദ്രമായ് കർത്തന്റെ മനമതു – തീണ്ടാ
ദൂരത്തു നില്ക്കുമാ മർത്ത്യനെ നോക്കവേ
താഴത്തു വീണ തൻ കരുണക്കായ് കേഴുമാ
സാധു തൻ ചാരത്തണഞ്ഞേശു മെല്ലേ.

വാക്കിനാൽ സൗഖ്യമതേകാവതെങ്കിലും
വൃണമതു വികൃതമായ് തീർത്തോരുടൽ –തൊട്ടു
ചൊന്നേശു ശാന്തം – 'മനസ്സാണെനിക്ക്'
മനസ്സാണെനിക്കു നീ – ശുദ്ധനായ് മാറുവാൻ.

കഴുകുമവൻ കഠിനമാം കറകളതേതും
പോക്കുമവൻ നമ്മുടെ മലിനതയേതും
തീർക്കുമവൻ വ്യഥകളും രോഗമതൊക്കെയും
മനമുരുകി തിരുമുമ്പിലൊന്നു കരയുകിൽ.

## ക്വിസ്സ് നമ്പർ 2 എസ്രാ (ഉത്തരങ്ങൾ)

1. ദാര്യാവേശ് 4: 24
2. യിരെമ്യാവ് 1: 1
3. യെഹോഹാനാന്റെ 10: 6
4. വിവേകമുള്ള പുരുഷൻ 8: 18
5. മയശേയാവ്, എലീയേസെർ, യാരീബ്, ഗെദല്യാവ് 10: 18, 19
6. മരണം, പ്രവാസം, പിഴ, തടവ് 7: 26
7. ലെബാനോനിൽ നിന്ന് 3: 7
8. ഒന്നാം മാസം, ഒന്നാം തീയതി മുതൽ അഞ്ചാം മാസം ഒന്നാം തീയതി, അല്ലെങ്കിൽ 4 മാസം 7: 9
9. അഹവാ ആററിന്റെ അരികെ 8: 21
10. ഭണ്ഡാരവിചാരകനായ മിത്രെദാത്ത് മുഖാന്തിരം 1: 8
11. ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർ മാസം മൂന്നാം തീയതി 6: 15
12. നെബൂഖദ്നേസർ 5: 12
13. അരാമ്യ ഭാഷയിൽ 4: 7
14. 20 വയസ്സ് 3: 8
15. ഹഗ്ഗായി, സെഖര്യാവ് 5: 2




## WINNERS – QUIZ NO.: 2

Aleyamma Thomas
Aneena Mary Abraham
Anju Paulose
Beena Mathew
Bindu Anson
Bisy Eby
Blessy Prageesh
Ebi Biju Thelappilly
Elsy Abraham
Jean Sara Agith
Jeepa Shaj
Jessy Biju
Jibi Mathew
Jismol Jayan
Joji Susan Mani
Lali Chandy Joshua
Lissy Sunil
Mercy Abraham
Merin Mary Basil
Moly Baby
Rini Mathew
Sezil Baby
Shaiby Baby
Sheeba Roy
Sheela Manoj
Shelby Jacob
Sinimol Jijo
Zibi Benny

**Congratulations**

**New-Balasamajam Secretary**

*Miss. Serene Scaria*

*Congratulations & All the Best*



**FAREWELL GIVEN TO REV. FR. THOMAS NEDIYAPALACKAL & MRS. PREETHI GIJO FROM SUNDAY SCHOOL**















His Grace Markose Mor Chrisostomos interacted with Sunday School Children on 30th March, 2012. During the meeting H.G. distributed Trophies and Certificates to Students Passed from Regular School Class 10th & 12th and also to the students leaving Bahrain finally.




Farewell given to Rev. Fr. Thomas Nediyapalackal by Social Service League. A memento was presented to the beloved Achan



# WHO IS A "TRUE CHRISTIAN"



Irene Elizabeth Mathew

How do we know; whether we are a 'true Christian' or a 'named Christian'?? For becoming a true Christian, we should declare Jesus as our personal Saviour. Whenever we are in a problem or a difficulty, we might think "oh God, why is this happening to me? But we should know that each difficulty or problem we stumble across; is to increase our faith in Jesus Christ. No matter how great or how big the material desires of this world might be, we should never forget that Jesus Crucified Himself for our sins. Yes, sin has to be punished. In order to lift our load of sin, Jesus took it on Himself. He gave His life for us all. He took the punishment for us. Jesus was crucified and buried. But because He was the true God, He rose from the dead and is alive today. So we should put our whole trust in the Great Deliverer, the only one who can forgive us and make our hearts clean. We should love the Lord Jesus Christ unconditionally as He is there and always will be there for us. If we take Jesus as our personal Saviour, He will be a best friend for us, to whom we can tell all our sorrows and problems. Without Him we are nothing. If we go astray, He will be waiting for us because we are His children. The more we love Him and spend time with Him, the more He will bless us. There is nothing in this world that is impossible, if you believe, trust and have confidence in Jesus Christ. Gossips and jealousy stirs up anger and hatred between each other. But we should know that we are the children of God and we are all one in the eyes of the Lord. This is the behavior of a "True Christian".

Thanks to Miss. Nancy Morris for her wonderful book called "Sushila's God" which gave me the inspiration to write this. My sincere gratitude to my 3rd Standard Sunday School Teacher Mr. Ashley who had gifted me this book.

## 1 Corinthians 13: 1 – 2

Though I speak with the tongues of men and of angels, and have not charity, I am become as sounding brass, or a tinkling cymbal.

And though I have the gift of prophecy, and understand all mysteries and all knowledge; and though I have all faith, so that I could remove mountains, and have not charity, I am nothing.

# New Members




Name: **JEEVA MAMMACHAN KUTTIKKERIL (J 095)**
Wife: Philomina Jeeva (Tel.: 34118425)
Address: Bldg. 3400, Rd. 2661, Muharraq
Area Unit: JOPPA

Address in India: Kuttikkeril, Kunnappilly, Peruva P.O.,Kottayam,Kerala
Tel.: 04829 252808, Home Parish: St. John's Church, Peruva
Diocese: Kandanadu



Name: **ELDHOSE POOZHIKKOLEL MATHAI (E 046)**
Address: Villa 3400, Road 2661, Muharraq,
Tel.: 34118420
Area Unit: JOPPA

Address in India: Poozhikkolel House, Ramamangalam P.O., Ernakulam 686663
Tel.: 0485-2278205, Home Parish: St. George Nirmalagiri Church, Kadakkanadu
Diocese: Kandanadu




Name: **PRAJEESH THOMAS (P 029)**
Tel.: 39649803 - Wife: Remya P. George
Address: Flat 76, Bldg. 959, Rd. 41, Juffair 340
Area Unit: JERUSALEM

Address in India: Thayyidiyil, Kalanadikolly p.o., Pulpally, Wayanad 673579
Tel.: 04936 243202, Home Parish: Mor Baselious Church Chiyabum
Diocese: Malabar



Name: **ROSHAN MATHEW (R 056**)
Tel.: 34015860
Address: Flat 34, Bldg. 145, RD. 18, Hoora 320, Exhibition Rd.
Area Unit: JOPPA

Address in India: Parayil, Iringole P.O., Perumbavoor, Ernakulam, Kerala
Tel.: 0484-2812132, Home Parish: St. Mary's Cathedral, Kuruppampady
Diocese: Angamaly



Name: **SINOJ PAUL (S 124)**
Tel.: 36645280
Address: Flat 02, Bldg. 164, Rd. 2905, Markh 529, Budaiya
Area Unit: SION

Address in India: Maniattu House, Iringol P.O., Vaidyasalapady, Pin 683545
Tel.: 0484-2521173, Home Parish: St. Mary's Cathedral, Kuruppampady
Diocese: Angamaly



Name: **SUNISH PHILIP (S 125)**
Tel: 36846700
Address: Flat 22, Bldg. 2569, Rd. 565, East Riffa 905
Area Unit: NAZRETH

Address in India: Vettickattil House, Arakunnam P.O., Ernakulam, Kerala
Tel.: 0484-2747230, Home Parish: St. George, Arakunnam
Diocese: Kochi

## H.G. MARKOSE MOR CHRYSOSTOMOS METROPOLITAN OF THE EVANGELISTIC ASSOCIATION OF THE EAST

His Grace arrived in Bahrain on the 29th March, 2012 to celebrate the Passion Week Service of our Church. A warm welcome was given to H.G. by the Vicar, Managing Committee members and prominent members of our Church





# Happy Birthday

11th Happy Birthday
**MATHEW ROY**
05.04.2012



7th Happy Birthday
**KEZIA BABY PAUL**
09.04.2012



1st Happy Birthday
**RUTH MARIAM MANU**
26.04.2012



5th Happy Birthday
**ETHAN SHAJ KOCHAKKAN**
04.04.2012





**Benyamin Samuel Mathew**

**4th Happy Birthday**

04.04.2012

# CONDOLENCES



Our Member Mr. Santhosh Cheeran's brother in-law expired. We express our hearfelt sympathy to the bereaved family and pray to God Almighty to give them strength to overcome this situation.

May his Soul rest in Peace!



ST. JUDE
PRAY
FOR US

A Beleiver

## NEW BORN ANNOUNCEMENT

**Baby Girl joy to Mr. Ciby K. Oommen and Mrs. Jaya Ciby**

**Congratulations!!!**

# FIND JOY IN THE ORDINARY

We played every game we knew. We ran up and down the hall. We played "find me" behind the couch. We bounced the beach ball off each other's heads. We wrestled, played tag, and danced. It was a big evening for Mom, Dad, and little Jenna. We were having so much fun that we ignored the bedtime hour and turned off the T.V. And if the storm hadn't hit, who knows how late we would have played.

But then the storm hit. Rain pattered, then tapped, then slapped against the windows. The winds roared in off the Atlantic and gushed through the nearby mountains with such force that all the power went off. The adjacent valley acted as a funnel, hosing wind on the city. We all went into the bedroom and lay on the bed. In the darkness we listened to the divine orchestra. Electricity danced in the sky like a conductor's baton summoning the deep kettledrums of thunder.

I sensed it as we were lying on the bed. It blew over me mixed with the sweet fragrance of fresh rain. My wife was lying silently at my side. Jenna was using my stomach for her pillow. She, too, was quiet. Our second child, only a month from birth, rested within the womb of her mother. They must have sensed it, for no one spoke. It entered our presence as if introduced by God himself. And no one dared stir for fear it would leave prematurely.

What was it? An eternal instant.

An instant in time that had no time. A picture that froze in mid- frame, demanding to be savored. A minute that refused to die after sixty seconds. A moment that was lifted off the time line and amplified into a forever so all the angels could witness its majesty. An eternal instant.

A moment that reminds you of the treasures surrounding you. Your home. Your peace of mind. Your health. A moment that tenderly rebukes you for spending so much time on temporal preoccupations such as savings accounts, houses, and punctuality. A moment that can bring a mist to the manliest of eyes and perspective to the darkest life.

Eternal instants have dotted history.

It was an eternal instant when the Creator smiled and said, "It is good." It was a timeless moment when Abraham pleaded for mercy from the God of mercy, "But if there are just ten faithful." I was a moment without time when Noah pushed open the rain-soaked hatch and breathed in the clean air. And it was a moment in the "fullness of time" when a carpenter, some smelly shepherds, and an exhausted, young mother stood in silent awe at the sight of the infant in the manger.

Eternal instants.

You've had them. We all have. Sharing a porch swing on a summer evening with your grandchild. Seeing her face in the glow of the candle. Putting your arm into your husband's as you stroll through the golden leaves and breathe the brisk autumn air. Listening to your six-year-old thank God for everything from goldfish to Grandma.

Such moments are necessary because they remind us that everything is okay. The King is still on the throne and life is still worth living. Eternal instants remind us that love is still the greatest possession and the future is nothing to fear.

The next time an instant in your life begins to be eternal, let it. Put your head back on the pillow and soak it in. Resist the urge to cut it short. Don't interrupt the silence or shatter the solemnity. You are, in a very special way, on holy ground.

## Remember

1. These threes will not wait for anybody:
   Time - Death - Customer

2. These threes we get only once in our lifetime :
   Mother - Father - Youth

3. These threes, when once out will not return :
   An arrow from a bow.
   Words from the mouth.
   Soul from the body.

4. Always keep these threes under cover :
   Wealth - Food - Body

5. Try to avoid the following three :
   Bad company, Selfishness, Gossip

6. Focus your mind on the following three :
   **GOD** - Hard work - Education

7. Never forget the following three :
   Debt - Duty - Disease

8. Always respect the following three :
   Mother - Father - Teacher

9. Control these three :
   Willpower - Lust - Greed

10. Sympathize with these three :
    Children - Hungry - Disabled

**Psalm 119: 1**
Blessed are the undefiled in the way, who walk in the law of the Lord

**Psalm 119: 9**
Wherewithal shall a young man cleanse his way? By taking heed thereto according to thy word.

**Psalm 119: 17**
Deal bountifully with thy servant, that I may live, and keep thy word.

**Geevarghese Sahada**






A drawing by
**Master Eldho N. Jaimon**
**Good Job! Keep it up….**

**നിങ്ങളുടെയെല്ലാം ഇഷ്ടപ്രകാരം ഈ ബുള്ളററിൻ പ്രകാശനം ചെയ്യാൻ സാധിച്ചു എന്നു വിശ്വസിക്കുന്നു. തെററുകുററങ്ങൾ ദയവായി ചൂ□ിക്കാണിക്കുമല്ലോ! നിങ്ങളുടെ അഭിപ്രായങ്ങളും, വിമർശനങ്ങളും ഞങ്ങളെ നേരിട്ടോ എഴുതിയോ അറിയിക്കുക!!**

**എഡിററർ**